# ആമുഖം

ജമാഅത്തെ ഇസ്‌ലാമി കേരള ശാഖയുടെ ഹിറാ നഗർ സമ്മേളനത്തോട നുബന്ധിച്ച് പ്രസ്ഥാനത്തിന്റെ ജിഹ്വയായ *പ്രബോധനം* വാരിക പുറത്തിറക്കുന്ന ഉപഹാരമാണ് വായനക്കാരുടെ കൈകളിൽ. *പ്രബോധനം* ഇതിനകം വർഷാനുക്രമത്തിലല്ലെങ്കിലും ഒന്നിലേറെ പ്രത്യേക പതിപ്പുകൾ പുറത്തിറക്കിയിട്ടുണ്ട്. അവയിൽ മിക്കതും വിഷയാധിഷ്ഠിതങ്ങളാണ്. ഒരു വിഷയത്തെക്കുറിച്ച് സമ്പൂർണമായല്ലെങ്കിലും ഏറെക്കുറെ സമഗ്രമായൊരു ധാരണ വായനക്കാർക്ക് നൽകുക എന്നതായിരുന്നു ഈ പതിപ്പുകളുടെ ലക്ഷ്യം. എഴുപതുകളുടെ ആദ്യത്തിൽ *പ്രബോധനം* മാസിക ഇറക്കിയ ഖുർആൻ വിശേഷാൽ പ്രതിയായിരുന്നു ഇതിന്റെ തുടക്കം. അന്നതിനു വായനക്കാരിൽനിന്ന് ലഭിച്ച സ്വീകാരം തുടർന്നുള്ള വിശേഷാൽ പതിപ്പുകൾക്ക് പ്രചോദനമായി. മുഹമ്മദ് നബി, ജമാഅത്തെ ഇസ്‌ലാമി എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഇറങ്ങിയ പതിപ്പുകളും ശ്രദ്ധേയങ്ങളായി.

കേരള മുസ്‌ലിം നവോത്ഥാനചരിത്രമാണ് ഈ പതിപ്പിന് തെരഞ്ഞെടുത്ത വിഷയം. ഒരു ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനത്തിന്റെ സംസ്ഥാന സമ്മേളനം ചേരുമ്പോൾ ഗതകാല ചരിത്രത്തിലേക്കുള്ള സിംഹാവലോകനം എന്തുകൊണ്ടും പ്രയോജനകരമാണല്ലോ. ഈ വിഷയം തെരഞ്ഞെടുക്കാനുള്ള സാന്ദർഭിക പ്രസക്തിയും മറ്റൊന്നല്ല. കേരള മുസ്‌ലിംകളുടെ നാനാമുഖമായ നവോത്ഥാനത്തിൽ സംഭാവനകളർപ്പിച്ച പ്രസ്ഥാനങ്ങൾക്കും വ്യക്തികൾക്കും അർഹമായ സ്ഥാനം നൽകാൻ ഇതിൽ പരമാവധി ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇതൊരു സമ്പൂർണ ചരിത്രരേഖയാണെന്ന് അവകാശപ്പെടാനുള്ള മൗഢ്യം ഞങ്ങൾക്കില്ല. ഒരു പത്ര വിശേഷാൽപതിപ്പിൽ അതിനുള്ള പരിമിതി വ്യക്തമാണല്ലോ. എന്നാൽ അത്തരമൊരു ചരിത്രനിർമാണത്തിന് ഉപദാനമാകാൻ പറ്റിയ സൃഷ്ടികൾ ഉൾപ്പെടുത്താൻ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. സംഘടനാപരമായ സങ്കുചിതത്വം ഒട്ടും തീണ്ടാതെയുള്ള ഒരു സമീപനമാണ് ഇതിന്റെ സംവിധാനത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും എടുത്തുപറയട്ടെ. ഇതേവരെ എഴുതപ്പെട്ടിട്ടില്ലാത്തതും ഇന്ന് ജീവിച്ചിരിക്കുന്ന ചിലരുടെ ഓർമകളിൽ മാത്രം അവശേഷിക്കുന്നതുമായ വസ്തുതകൾ പുറത്തുകൊണ്ടുവരിക എന്നത് ഇത്തരം ഒരു സംരംഭത്തിന്റെ പ്രധാന ദൗത്യമാകേണ്ടതുണ്ട്. ഈ വശത്തിനും അതിന്റേതായ പ്രാധാന്യം നൽകാൻ ശ്രമിച്ചിട്ടുണ്ട്. അതിനാൽ സമീപകാല സംഭവങ്ങൾക്കും വ്യക്തിത്വങ്ങൾക്കും ഉപരി വിദൂരഭൂതത്തിലെ സംഭവങ്ങൾക്കും വ്യക്തിത്വങ്ങൾക്കും പ്രാമുഖ്യം ലഭിക്കുക സ്വാഭാവികമാണ്. പേജുകളുടെ പരിമിതിയെക്കുറിച്ച് ബോധമുള്ളവർ ഇതിനെക്കുറിച്ച് ബോധപൂർവമായ അവഗണനയായി പരാതിപ്പെടുകയില്ല. എഴുതിക്കിട്ടിയ ലേഖനങ്ങൾതന്നെ പലതും വെട്ടിച്ചുരുക്കാൻ ഞങ്ങൾ നിർബന്ധിതരാവുകയായിരുന്നു. ഒരിക്കൽ കൂടി പറയട്ടെ- ഇതൊരു സമ്പൂർണ ചരിത്ര രേഖയല്ല. സമ്പൂർണ ചരിത്രത്തിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവർക്കുള്ള കൈവിളക്ക് മാത്രമാണ്.

**എഡിറ്റർ**